2. അക്കൗണ്ടന്റ് ജനറൽ

3. കെ.ടി.ഡി.സി നിയമിച്ചിട്ടുള്ള ഇന്റേണൽ ഓഡിറ്റർമാർ.

(ഡി)&(ഇ) ചില യൂണിറ്റുകളിൽ ചില ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു. അന്വേഷണത്തിനുശേഷം തക്കതായ നടപടി കൈക്കൊള്ളുന്നതാണ്.

124 (1727) വാഴാനി ഡാം പ്രദേശത്ത് ടൂറിസം പ്രവർത്തനം

ശ്രീ. വി. ബാലാറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ വാഴാനി ഡാം പ്രദേശത്തെ ടൂറിസ്റ്റ് പൊട്ടൻഷ്യലിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഡാമിന്റെ വിശാലമായ തടാകവും ചുറ്റുമുള്ള പ്രകൃതിസൃഷ്ടമായ പച്ചിലക്കാടുകളും ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക രീതിയിൽ പര്യാപ്തമാക്കുവാൻ വേണ്ട നടപടിയെടുക്കുമോ;

(സി) ഡാം സൈറ്റിനു സമീപം നിലവിലുള്ള പൂന്തോട്ടത്തിൽ ദീപാലങ്കാരം നടത്തി കൂടുതൽ മനോഹരമാക്കുമോ;

(ഡി) പ്രസ്തുത ഡാമിൽ ബോട്ടിംഗിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി)-(ഡി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഇക്കാര്യത്തിൽ അനുയോജ്യമായ ശുപാർശ സമർപ്പിക്കുന്നതായാൽ ധനസഹായം നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

125 (1728) ഇടുക്കി ജില്ലയിൽ ടൂറിസം വികസനത്തിന് സഹായം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ടൂറിസം വികസനത്തിനുവേണ്ടി ഏതെങ്കിലും പ്രോജക്ടുകൾക്കോ, വ്യക്തികൾക്കോ എന്തെങ്കിലും സഹായം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രോജക്ടുകൾക്ക് സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. വ്യക്തികൾക്ക് സാമ്പത്തികസഹായം നൽകാറില്ല.

(ബി) വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

വർഷം	പ്രോജക്ടിന്റെപേര്	സാമ്പത്തികസഹായം നൽകിയത്

LIBRARY ARCHIVES Kerala Legislative Assembly

1990-91	ഇൻഫർമേഷൻ സെന്ററിന്റെ നിർമ്മാണം	25,000/-
1990-91	വാളറ വാട്ടർ ഫാൾസിന്റെ വികസനം	50,000/-
1991-92	ഇടുക്കിയുടെ ടൂറിസം വികസനം	1,00,000/-
1993-94	മൂന്നാർ റിസർവോയറിൽ ബോട്ടിംഗിന്	1,25,000/-
1994-95	സ്പൈസസ് ഗാർഡൻ, ദേവികുളം	50,000/-
1995-96	തൊമ്മൻ കുഞ്ഞിന്റെ ടൂറിസംവികസനത്തിന്	15,00,000/-
1995-96	മാട്ടുപെട്ടിഡാമിൽ ബോട്ടിംഗിന്	4,75,000/-
1995-96	മൂന്നാറിൽ പാർക്കിന്റെ വികസനത്തിന്	7,50,000/-
1995-96	സേതുപാർവ്വതിഡാമിൽ ബോട്ടിംഗിന്	4,00,000/-
1996-97	ഫെസ്റ്റിവൽ സംഘടിപ്പിക്കാൻ	3,00,000/-
1996-97	ഡോർമിറ്ററി, ഗാർഡൻ, കംഫർട്ട് സ്റ്റേഷൻ	9,00,000/-
1997-98	കല്ലാർ, കുളമാവ് ഡാം, മുനിയറ എന്ന സ്ഥലങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾക്ക്	9,00,000/-
1998-99	ഫെസ്റ്റിവൽ സംഘടിപ്പിക്കാൻ	3,00,000/-
1999-2000	ചെറുത്തോണി ഡാമിൽ ടൂറിസം വികസനത്തിന്	5,00,000/-
1999-2000	വെയർ ചെക്ക്ഡാം എന്നിവയുടെ നിർമ്മാണത്തിന്	5,00,000/-

126 (1729) എറണാകുളം ഡി.ടി.പി.സി.യുടെ പ്രവർത്തനം

<u>ശ്രീ. പി. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡി.ടി.പി.സി ചേന്ദമംഗലം പഞ്ചായത്തിലെ കോട്ടയിൽ കോവിലകം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിന് സമർപ്പിച്ചിരിക്കുന്ന പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എത്ര ലക്ഷം രൂപയുടെ പദ്ധതിയാണ് സമർപ്പിക്കുന്നത്;

(ബി) എറണാകുളത്ത് കുട്ടികളുടെ പാർക്കിൽ സ്ഥാപിച്ചപോലെ പറവൂർ നഗരസഭയുടെ അംബേദ്കർ പാർക്കിൽ കുട്ടികൾക്കായുള്ള ട്രെയിൻ സ്ഥാപിക്കുവാൻ അനുമതി നൽകിയ അപേക്ഷയിൻമേൽ തീരുമാനം എടുക്കുവാൻ ഉള്ള തടസ്സം എന്താണ്; ഈ പദ്ധതിക്ക് അനുമതി നൽകുമോ; എത്ര രൂപ ചെലവുവരും എന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) എറണാകുളം ഡി.ടി.പി.സി ക്ക് ഒരു ടൂറിസ്റ്റ് ബസ്സും ഒരു സ്പീഡ് ബോട്ടും വാങ്ങുവാൻ തുക അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയിൽ കോവിലകത്തിന്റെ ടൂറിസം വികസനത്തിനായി ചേന്ദമംഗലം പഞ്ചായത്ത് തയ്യാറാക്കിയ 2,54,68,700 രൂപ മതിപ്പുചെലവ് വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് എറണാകുളം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ടൂറിസം വകുപ്പിന് സമർപ്പിച്ചിരിക്കുന്നു. ഇത്രയും ബൃഹത്തായ ഒരു പദ്ധതി ഒന്നായി പരിഗണിക്കാൻ സാമ്പത്തിക പരിമിതികൾ കാരണം നിർവ്വാഹമില്ലാത്തതിനാൽ പദ്ധതി വിശദമായി പരിശോധിച്ച് മുൻഗണനാ

LIBRARY ARCHIVES Kerala Legislative Assembly